എൻ.എം.(ബി)1/7700/18/ഡി.പി.ഐ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 08/03/2018

## സർക്കുലർ

വിഷയം; പൊതു വിദ്യാഭ്യാസം - ഉച്ചഭക്ഷണ പദ്ധതി- ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിൾ പരിശോധിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:- 20/02/2018 ലെ എൻ.എം.(ബി)2/41503/17 നമ്പർ ഉത്തരവ്.

ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലേയും ഉച്ചഭകഷണത്തിന്റേയും കുടിവെള്ളത്തിന്റേയും സാമ്പിളുകൾ ന്യൂട്രീഷണൽ മൈക്രോ ബയോളജിക്കൽ പരിശോധനകൾക്ക് വിധേയമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അധീനതയിൽ പ്രവർത്തിയ്ക്കുന്ന കൊല്ലത്തെ സി.ഇ.പി.സി.ഐ ലാബുമായി പൊതുവിദ്യാഭ്യാസ വകുപ്പ് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിൻപ്രകാരം ലാബുമായി ബന്ധപ്പെട്ട അധികാരികൾ സ്കൂളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുമ്പോൾ അതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും സ്കൂൾ അധികൃതർ ചെയ്തുകൊടുക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരോ സ്കൂൾ അധികാരികളോ വഹിക്കേണ്ടതില്ലെന്നും അറിയിക്കുന്നു. ഇത് സംബന്ധിച്ച നിർദ്ദേശം എല്ലാ ഹെഡ്മാസ്റ്റർമാർക്കും നൽകേണ്ടതും പരിശോധനകൾ തടസ്സമില്ലാതെ നടക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതുമാണ്

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, നൂൺമീൽ ഓഫീസർമാരും തങ്ങളുടെ അധികാര പരിധിയിലുള്ള സ്കൂളുകളുടെ ലൊക്കേഷൻ സംബന്ധിച്ച വിവരങ്ങൾ ലാബുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകുന്നതിന് കൂടി പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്.

വി. അനിൽകുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ)
ഇൻചാർജ്ജ്
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
എല്ലാ നൂൺമീൽ സൂപ്പർവൈസർമാർക്കും
എല്ലാ നൂൺമീൽ ഓഫീസർമാർക്കും
എല്ലാ ഹെഡ്മാസ്റ്റർമാർക്കും (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)
സ്റ്റോക്ക് ഫയൽ

S.S